LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡ് വിഭജനം

45 [356] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് വിഭജിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര വിഭാഗമാക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഈ വിഭജനം കൊണ്ട് ഉപഭോക്താക്കൾക്കും ബോർഡ് ജീവനക്കാർക്കും എന്തെല്ലാം പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല

(ബി) ബാധകമല്ല

ഇലക്ട്രിസിറ്റി ബോർഡ് വിഭജനം

46 [357] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് വിഭജിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ള തീരുമാനം വെളിപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിൽ ഇലക്ട്രിസിറ്റി ബോർഡിലെ സംഘടനകളുടെ അഭിപ്രായം സർക്കാർ ആരാഞ്ഞിട്ടുണ്ടോ;

(ഇ) സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)—(എഫ്) സംസ്ഥാന സർക്കാരിന്റെ അപേക്ഷ പ്രകാരം കേന്ദ്ര ഗവണ്മെന്റിന്റെ നിർദ്ദേശാനുസരണം സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെ സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ഒരു ലൈസൻസിയായും 9-12-2005 വരെ തുടരാൻ 9-6-2005-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 13/2005/പി.ഡി. പ്രകാരം പുനഃക്രമപ്പെടുത്തിയിട്ടുണ്ട്.